✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1080

# സൂറ – 35 / ഫാത്വിർ

**സൂക്തം: 41– 43**

പ്രപഞ്ചത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന, വാനലോകത്തെ ഗ്രഹോപഗ്രഹങ്ങളെയും നിങ്ങൾ വസിക്കുന്ന ഭൂഗോളത്തെയും കൃത്യമായ വ്യവസ്ഥയിൽ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെയാണ് നിങ്ങൾ പ്രാർഥിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടത്. കേവലം ഭാവനാസൃഷ്ടികളായ ദേവീദേവന്മാരും നിങ്ങളുടെ കരങ്ങൾ നിർമിച്ച വിഗ്രഹങ്ങളും ഭൗതിക ലോകത്ത് നിങ്ങൾക്ക് സൗഭാഗ്യങ്ങൾ നൽകുമെന്നും പരലോകത്ത് നരകത്തിൽനിന്ന് രക്ഷിച്ചു സ്വർഗത്തിൽ കടത്തുമെന്നുമൊക്കെ വിചാരിക്കുന്നത് തികഞ്ഞ അന്ധവിശ്വാസമാണ്.

إِنَّ ٱللَّهَ يُمۡسِكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ أَن تَزُولَاۚ وَلَئِن زَالَتَآ إِنۡ أَمۡسَكَهُمَا مِنۡ أَحَدٖ مِّنۢ بَعۡدِهِۦٓۚ إِنَّهُۥ كَانَ حَلِيمًا غَفُورٗا ﴿٤١﴾

41. ആകാശഗോളങ്ങളെയും ഭൂഗോളത്തെയും അവയുടെ സ്ഥാനങ്ങളിൽനിന്നു തെന്നിപ്പോകാതെ പിടിച്ചുനിർത്തുന്നത് അല്ലാഹുവാകുന്നു. അവ തെന്നിപ്പോവുന്നുവെങ്കിൽ അവനു ശേഷം അവയെ പിടിച്ചുനിർത്താൻ കഴിവുള്ളവരാരും തന്നെയില്ല. അവൻ ഏറെ കനിവുറ്റവനും പൊറുക്കുന്നവനും തന്നെ.

**41**

إِنَّ اللَّهَ يُمْسِكُ السَّمَاوَاتِ وَالْأَرْضَ أَن تَزُولَا = അല്ലാഹു (ആകുന്നു) ആകാശ (ഗോളങ്ങളെയും) ഭൂമി (ഭൂഗോളത്തെയും) അവയുടെ സ്ഥാനങ്ങളിൽനിന്ന് തെന്നുന്നത് (തെന്നിപ്പിക്കാതെ) പിടിച്ചുനിർത്തുന്നു(ന്നത്)

وَلَئِن زَالَتَا = അവ രണ്ടും തെന്നിപ്പോകുന്നുവെങ്കിൽ

إِنْ أَمْسَكَهُمَا = അവ രണ്ടിനെയും പിടിച്ചുനിർത്തുന്നില്ല (നിർത്താൻ കഴിവുള്ളവനില്ല) مِنْ أَحَدٍ = ഒരുവനാലും (ആരും തന്നെ)

مِّن بَعْدِهِ = അവനു ശേഷം إِنَّهُ كَانَ حَلِيمًا غَفُورًا = അവൻ ഏറെ കനിവുറ്റവനും പൊറുക്കുന്നവനും തന്നെ

ഏകനായ അല്ലാഹുവാണ് വാനലോകത്തെ അതിന്റെ സ്ഥാനത്തും ഭൂമിയെ അതിന്റെ സ്ഥാനത്തും തെന്നിപ്പോകാതെ നിയന്ത്രിച്ചു നിർത്തുന്നത്. ഭൂമിയും വാനലോകഗോളങ്ങളിലോരോന്നും അതിന്റെ നിശ്ചിത ഭ്രമണപഥത്തിൽ നിശ്ചിത ക്രമത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അവന്റെ നിയന്ത്രണം ഒഴിവാക്കുകയും അങ്ങനെ ഗോളങ്ങളൊക്കെയും ആസൂത്രണമില്ലാതെ അവ്യവസ്ഥിതമായി ചലിക്കുകയോ നിശ്ചലമായി നിൽക്കുകയോ ചെയ്യുകയുമാണെങ്കിൽ ഒരൊറ്റ നിമിഷം കൊണ്ട് പ്രപഞ്ചമാകുന്ന യന്ത്രശാലയുടെ പ്രവർത്തനമാകെ തകിടം മറിയും. അല്ലാഹു വാനലോകത്തെയും ഭൂഗോളത്തെയും നിയന്ത്രണമുക്തമാക്കിയാൽ പിന്നെ അവയെ നിയന്ത്രിച്ചുനിർത്താൻ കഴിവുള്ള മറ്റൊരു ശക്തിയുമില്ല. അവൻ ഉദ്ദേശിച്ച കാലത്തോളം അവ ഇങ്ങനെ വ്യവസ്ഥാപിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കും. അവൻ നിശ്ചയിച്ച അവധിയെത്തിയാൽ എല്ലാം താറുമാറാവുകയും ചെയ്യും. 22:65-ൽ അത് ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു: (وَيُمْسِكُ السَّمَاءَ أَن تَقَعَ عَلَى الْأَرْضِ إِلَّا بِإِذْنِهِ) അവൻ വാനലോകത്തെ അവന്റെ അനുമതിയില്ലാതെ ഭൂമിയിൽ പതിക്കാതിരിക്കാൻ പി

പ്രപഞ്ചത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന, വാനലോകത്തെ ഗ്രഹോപഗ്രഹങ്ങളെയും നിങ്ങള്‍ വസിക്കുന്ന ഭൂഗോളത്തെയും കൃത്യമായ വ്യവസ്ഥയില്‍ പ്രവര്‍ത്തിപ്പിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെയാണ് നിങ്ങള്‍ പ്രാര്‍ഥിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടത്. കേവലം ഭാവനാസൃഷ്ടികളായ ദേവീദേവന്മാരും നിങ്ങളുടെ കരങ്ങള്‍ നിര്‍മിച്ച വിഗ്രഹങ്ങളും ഭൗതിക ലോകത്ത് നിങ്ങള്‍ക്ക് സൗഭാഗ്യങ്ങള്‍ നല്‍കുമെന്നും പരലോകത്ത് നരകത്തില്‍നിന്ന് രക്ഷിച്ചു സ്വര്‍ഗത്തില്‍ കടത്തുമെന്നുമൊക്കെ വിചാരിക്കുന്നത് തികഞ്ഞ അന്ധവിശ്വാസമാണ്. ആ വിശ്വാസത്തെ ആധാരമാക്കി അവയെ ആരാധിക്കുന്നത് കടുത്ത അനാചാരവും സത്യദൈവത്തോട് കാണിക്കുന്ന കൊടിയ ധിക്കാരവും അക്രമവുമാകുന്നു. ഈ അക്രമത്തിന്റെ പേരില്‍ അവന്‍ ഉടനടി നിങ്ങളെ ശിക്ഷിക്കാത്തത് നിങ്ങളോടുള്ള കനിവുകൊണ്ടും കാരുണ്യം കൊണ്ടുമാണ്. അതു മനസ്സിലാക്കി സത്യവും ധര്‍മവും കൈക്കൊണ്ട് ജീവിതം സംസ്‌കരിക്കാന്‍ തയാറാകുന്നുവെങ്കില്‍ നിങ്ങള്‍ക്കു നല്ലത്. ഇല്ലെങ്കില്‍ അല്ലാഹുവിന്റെ ദയയും ദാക്ഷിണ്യവും തള്ളിക്കളഞ്ഞതിന്റെ ഭയാനകമായ അനന്തര ഫലം അനുഭവിക്കേണ്ടിവരിക തന്നെ ചെയ്യും. ഇതാണ് ഈ സൂക്തത്തിന്റെയും തൊട്ടുമുമ്പുള്ള രണ്ടു സൂക്തങ്ങളുടെയും ഉള്‍സാരം. ●

ടിച്ചുനിര്‍ത്തുന്നു). 36:40-ല്‍ ദൈവത്തിന്റെ ഏകത്വത്തിന്റെയും സര്‍വശക്തിയുടെയും ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കുന്നു:

لَا الشَّمْسُ يَنبَغِي لَهَا أَن تُدْرِكَ الْقَمَرَ وَلَا اللَّيْلُ سَابِقُ النَّهَارِ وَكُلٌّ فِي فَلَكٍ يَسْبَحُونَ

(സൂര്യന്‍ ചന്ദ്രനെ പ്രാപിക്കേണ്ട കാര്യമില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോ ഗോളവും സ്വന്തം പഥത്തില്‍ മാത്രം നീന്തിക്കൊണ്ടിരിക്കുകയാണ്).

إِنَّهُ كَانَ حَلِيمًا غَفُورًا (അല്ലാഹു ഏറെ ദാക്ഷിണ്യമുള്ളവനും പൊറുത്തുകൊടുക്കുന്നവനുമാകുന്നു) എന്നാണ് സൂക്തസമാപനം. വാനഗോളങ്ങള്‍ ഭൂഗോളത്തില്‍ പതിക്കാതെ നിയന്ത്രിക്കുന്നതു സംബന്ധിച്ച് പറയുന്ന 22:65 സൂക്തം സമാപിക്കുന്നത് إِنَّ اللَّهَ بِالنَّاسِ لَرَءُوفٌ رَّحِيمٌ (അല്ലാഹു മനുഷ്യരോട് ഏറെ കനിവും കാരുണ്യവുമുള്ളവനാകുന്നു) എന്നാണ്. രണ്ടിടത്തും ധ്വനി ഇതാണ്: അല്ലാഹുവിനു വേണമെങ്കില്‍ ഏതു നിമിഷവും വാനഗോളങ്ങളെ നിയന്ത്രണ മുക്തമാക്കുകയും അവ പരസ്പരം കൂട്ടിയിടിച്ച് തകരാനിടയാക്കുകയും ചെയ്യാം. അവന്‍ അങ്ങനെ ചെയ്യാതിരിക്കുന്നത് മനുഷ്യരോട് അവന് വലിയ കനിവും കാരുണ്യവുമുള്ളതുകൊണ്ടാണ്. അവന്‍ സൃഷ്ടികളുടെ തെറ്റുകുറ്റങ്ങളെ ദാക്ഷിണ്യത്തോടെ സമീപിക്കുകയും പരമാവധി പൊറുത്തുകൊടുക്കുകയും ചെയ്യുന്നു.

---

وَأَقْسَمُوا۟ بِٱللَّهِ جَهْدَ أَيْمَـٰنِهِمْ لَئِن جَآءَهُمْ نَذِيرٌ لَّيَكُونُنَّ أَهْدَىٰ مِنْ إِحْدَى ٱلْأُمَمِ ۖ فَلَمَّا جَآءَهُمْ نَذِيرٌ مَّا زَادَهُمْ إِلَّا نُفُورًا ﴿٤٢﴾

42. മുമ്പ് ഈയാളുകള്‍ അല്ലാഹുവിന്റെ പേരില്‍ പ്രതിജ്ഞ ചെയ്യാറുണ്ടായിരുന്നു; അവരില്‍ ഒരു മുന്നറിയിപ്പുകാരന്‍ വരികയാണെങ്കില്‍ അവര്‍ മറ്റേതൊരു സമുദായത്തേക്കാളുമേറെ സന്മാര്‍ഗചാരികളായിത്തീരുമെന്ന്. ആ മുന്നറിയിപ്പുകാരന്‍ സമാഗതനായപ്പോഴോ, വിദ്വേഷത്തോടെയുള്ള അകല്‍ച്ച മാത്രമാണവരില്‍ വളര്‍ന്നത്.

**42**

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ = (മുമ്പ് ഈ ആളുകള്‍) അല്ലാഹുവിന്റെ പേരില്‍ ദൃഢപ്രതിജ്ഞ ചെയ്യാറുണ്ടായിരുന്നു

لَئِن جَاءَهُمْ = അവരില്‍ വരികയാണെങ്കില്‍

نَذِيرٌ = ഒരു മുന്നറിയിപ്പുകാരന്‍ لَّيَكُونُنَّ = തീര്‍ച്ചയായും അവര്‍ ആയിത്തീരുമെന്ന്

أَهْدَىٰ مِنْ إِحْدَى الْأُمَمِ = (മറ്റ്) ഏതൊരു സമുദായത്തേക്കാളുമേറെ സന്മാര്‍ഗചാരികള്‍

فَلَمَّا جَاءَهُمْ نَذِيرٌ = (ആ) മുന്നറിയിപ്പുകാരന്‍ അവരില്‍ സമാഗതനായപ്പോള്‍(പ്പോഴോ)

مَّا زَادَهُمْ = അത് അവരെ(രില്‍) വളര്‍ത്തിയില്ല(ര്‍ന്നത്) إِلَّا نُفُورًا = അകന്നുപോക്കല്ലാതെ (വിദ്വേഷത്തോടെയുള്ള അകല്‍ച്ച മാത്രമാണ്)

قسم (ശപഥം, പ്രതിജ്ഞ)-ന്റെ ക്രിയാരൂപമാണ് اقسم. ക്ലേശവും അധ്വാനവുമാണ് ഭാഷയില്‍ جَهْد. ദൃഢമായത്, ഉറച്ചത് എന്ന് പ്രയോഗാര്‍ഥം. قسم-ന്റെ പര്യായമായ يمين-ന്റെ ബഹുവചനമാണ് أيمان. ഇത് جَهْد-നോട് ചേര്‍ന്നുവരുമ്പോള്‍ ദൃഢപ്രതിജ്ഞകള്‍ ആകുന്നു. 'അവര്‍ അല്ലാഹുവിന്റെ പേരില്‍ ദൃഢപ്രതിജ്ഞകള്‍ ചെയ്തുകൊണ്ടിരുന്നു' എന്നാണ് وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ-ന്റെ താല്‍പര്യം. أَيْمَانِهِمْ എന്ന ബഹുവചനപ്രയോഗം ഈ പ്രതിജ്ഞ അവര്‍ ആവര്‍ത്തിക്കാറുണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്നു.

വചനസാരം: ബഹുദൈവവിശ്വാസത്തിലും തജ്ജന്യമായ അനാചാരങ്ങളിലും അള്ളിപ്പിടിച്ചിരിക്കുന്ന ഇക്കൂട്ടര്‍ നേരത്തേ, ആത്മീയകാര്യങ്ങളും സത്യധര്‍മങ്ങളും പഠിപ്പിക്കുന്ന ഒരു പ്രവാചകന്‍ ഞങ്ങളില്‍ വന്ന് പ്രബോധനം ചെയ്തിരുന്നുവെങ്കില്‍ ലോകത്തിലെ മറ്റേതൊരു ജനത്തേക്കാളുമേറെ സന്മാര്‍ഗസ്ഥരായ സമൂഹം ഞങ്ങളായിത്തീരുമെന്ന് ദൃഢപ്രതിജ്ഞയെടുത്തിരുന്നവരാകുന്നു. പ്രവാചകന്‍ ആഗതനായപ്പോഴോ, അവരതാ സത്യത്തില്‍നിന്നും സന്മാര്‍ഗത്തില്‍നിന്നും വെറുപ്പോടെ അകന്നുപോയ്‌ക്കൊണ്ടിരിക്കുകയാണ്. ഇവിടെ نَذِيرٌ-കൊണ്ട് ഉദ്ദേശിച്ചത് പ്രവാചകനെയാകാം, പ്രവാചകന്റെ ശിഷ്യന്മാരായ സത്യപ്രബോധകരുമാകാം. ഖുര്‍ആന്‍ അധികവും نَذِيرٌ ഉപയോഗിച്ചിട്ടുള്ളത് نبيّ-ന്റെ പര്യായമായിട്ടാണ്.

ഖുറൈശികളടക്കമുള്ള അറബികളുടെ ഈ പ്രതിജ്ഞ

യുടെ പശ്ചാത്തലമിതാണ്: അറേബ്യയുടെ ചുറ്റുമുള്ള സിറിയ, ഫലസ്ത്വീൻ, ഈജിപ്ത്, എത്യോപ്യ തുടങ്ങിയ നാടുകളിൽ വസിച്ചിരുന്നത് യഹൂദ-ക്രൈസ്തവ മതവിഭാഗങ്ങളായിരുന്നു. വേദക്കാരായ രണ്ടു സമൂഹങ്ങളും അതിന്റെ പേരിൽ അഭിമാനം കൊള്ളുകയും അറബികളെ നിരക്ഷരരായ പ്രാകൃതർ- أُمِّيّ-ആയി അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്തിരുന്നു. കച്ചവടാവശ്യാർഥം ജൂത-ക്രൈസ്തവ നാടുകളിലെത്തുന്ന അറബികൾക്ക് അവരുടെ ഔന്നത്യഭാവവും തങ്ങളോടുള്ള അവജ്ഞയും നന്നായി അനുഭവപ്പെടുകയും ചെയ്തിരുന്നു. മക്ക വഴി യസ്രിബിലേക്കും സിറിയയിലേക്കും സഞ്ചരിക്കവെ മക്കയിൽ തങ്ങുന്ന വേദക്കാരായ വ്യാപാരികളിലും പ്രകടമായിരുന്നു ഈ ഔദ്ധത്യം. യഹൂദർ അറബികളെ കണ്ടിരുന്നത് സാധാരണ ധാർമിക-നൈതിക നിയമങ്ങളൊന്നും പാലിക്കപ്പെടേണ്ടതില്ലാത്ത അധഃകൃതരായിട്ടാണ്. അവരിൽനിന്ന് കടം വാങ്ങിയാൽ തിരിച്ചുകൊടുക്കണമെന്നില്ല. കടംകൊടുത്താൽ കൊടും പലിശ ഈടാക്കാം. എങ്ങനെയും ചൂഷണം ചെയ്യാം. വേദമില്ലാത്തവരോട് -الاميّون- ഞങ്ങൾക്ക് ഒരു ധർമവുമില്ല. لَيْسَ عَلَيْنَا فِي الْأُمِّيِّينَ سَبِيلٌ എന്ന് യഹൂദർ പറഞ്ഞിരുന്നതായി ഖുർആൻ 3:75-ൽ ഉദ്ധരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, വേദാധികാരത്തിന്റെയും പ്രവാചക പൈതൃകത്തിന്റെയും അഭാവം അറബികളിൽ ഒരപകർഷയുണ്ടാക്കിയിരുന്നു. ഇസ്രാഈല്യരാകട്ടെ നിലവിലുള്ള പ്രവാചക പൈതൃകത്തിൽ അഭിമാനിക്കുന്നതിനു പുറമെ പുതിയൊരു പ്രവാചകന്റെ ആഗമനം പ്രതീക്ഷിക്കുന്നുമുണ്ടായിരുന്നു. തൗറാത്തിലെ പ്രവചനങ്ങളായിരുന്നു ഈ പ്രതീക്ഷക്ക് ആധാരം. വരാനിരിക്കുന്ന പ്രവാചകൻ തങ്ങളുടെ വംശത്തിൽനിന്നുതന്നെയാണ് നിയുക്തനാവുക എന്നാണ് ഇസ്രാഈല്യർ പൊതുവിൽ കരുതിയിരുന്നത്. ഈ പ്രവാചകൻ ആഗതനായാൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ യുദ്ധം ചെയ്ത് അറബികളെയെല്ലാം നശിപ്പിക്കുകയോ തങ്ങളുടെ അടിമകളാക്കുകയോ ചെയ്യുമെന്ന് മദീനയിലെ ജൂതന്മാർ തദ്ദേശീയരെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. എന്നാൽ വാഗ്ദത്ത പ്രവാചകൻ ഇസ്മാഈല്യരിൽനിന്നുള്ളവനായിരിക്കുമെന്ന് തൗറാത്തിലെ പ്രവചനം സൂചിപ്പിക്കുന്നതായി ചില യഹൂദ പണ്ഡിതന്മാർ യസ്രിബുകാരോടു പറഞ്ഞിരുന്നു. ഇതാണ് മക്കയിൽ മുഹമ്മദ് നബിക്ക് പ്രവാചകത്വം ലഭിച്ചപ്പോൾ ഉടനെ അദ്ദേഹത്തെ അംഗീകരിക്കാനും അനുഗമിക്കാനും മദീനക്കാരെ പ്രേരിപ്പിച്ച ഘടകങ്ങളിലൊന്ന്.

യഹൂദർ മറ്റു ജാതികളെ സ്വമതത്തിലേക്ക് പ്രബോധനം ചെയ്യാറുണ്ടായിരുന്നില്ല. വല്ലവരും സ്വയംപ്രേരിതരായി ജൂതമതം സ്വീകരിക്കുകയാണെങ്കിൽ അംഗീകരിച്ചിരുന്നു. ആദ്യകാലത്ത് യമനിലും പിൽക്കാലത്ത് യൂറോപ്യൻ രാജ്യങ്ങളിലും ജൂത സമൂഹങ്ങളുണ്ടായത് അങ്ങനെയാണ്. ക്രൈസ്തവ മിഷനറിമാർ മറ്റു സമൂഹങ്ങളിലെന്നപോലെ അറബികളിലും പ്രേഷണ പ്രവർത്തനം നടത്തിയിരുന്നു. ചുരുക്കം ചില ഗോത്രങ്ങൾ അതിൽ തൽപരരാവുകയും ചെയ്തു. നജ്റാനികളും തഗ്‌ലബ്, സഖ്മ്, കൽബ് ഗോത്രങ്ങളും ഇങ്ങനെ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. എങ്കിലും ജാഹിലിയ്യാ അഭിമാനബോധം അറബ് ജനതയെ പൊതുവിൽ ക്രൈസ്തവതയിൽനിന്ന് അകറ്റിനിർത്തി. മതപരിവർത്തനം നാണക്കേടായി അവർ കരുതി. തങ്ങളുടെ ആരാധ്യരായ പൂർവപിതാക്കൾ ആചരിച്ചതെല്ലാം തെറ്റായിരുന്നുവെന്ന് സമ്മതിക്കലാണത്. അടിസ്ഥാനപരമായി പ്രവാചകത്വത്തിലും വേദത്തിലും അറബികൾ വിശ്വസിച്ചിരുന്നില്ല. മനുഷ്യരെ മാർഗദർശനം ചെയ്യാൻ പ്രവാചകന്മാരെ അയക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്ന ഏർപ്പാടൊന്നും അല്ലാഹുവിനില്ല. മനുഷ്യന്റെ കാര്യങ്ങളെല്ലാം നോക്കാൻ അവന്റെ കീഴിൽ ദേവീദേവന്മാരുണ്ട്. ഇനി മൂസാ, ഈസാ തുടങ്ങിയവർ ദൈവനിയുക്തരായ പ്രവാചകന്മാരും തൗറാത്തും ഇഞ്ചീലും ദൈവപ്രോക്തമായ വേദങ്ങളും ആണെങ്കിൽ തന്നെ തങ്ങൾ അതു സ്വീകരിക്കാൻ ബാധ്യസ്ഥരല്ല. അവ ഇസ്രാഈല്യരിൽ വന്ന പ്രവാചകന്മാരും വേദങ്ങളുമാണ്. ഞങ്ങൾ വിശ്വസിക്കേണ്ടത് ഞങ്ങളിൽനിന്നുതന്നെ വന്ന പ്രവാചകന്മാരെയും അവർ കൊണ്ടുവന്ന വേദങ്ങളെയുമാണ്. അങ്ങനെയുള്ള ഒരു പ്രവാചകനും വേദവും ആഗതമാവുകയാണെങ്കിൽ തീർച്ചയായും തങ്ങൾ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യും. അല്ലാഹുവിനെ സാക്ഷിയാക്കി ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. അങ്ങനെ ലോകത്തിലെ മറ്റേതൊരു ജനതയേക്കാളും സന്മാർഗം പ്രാപിച്ച വിശിഷ്ട ജനതയാവുകയും ചെയ്യും ഞങ്ങൾ. അവരുടെ ഈ നിലപാട് സൂചിപ്പിച്ചുകൊണ്ട് 37: 167-170-ൽ പറയുന്നു:

وَإِن كَانُوا لَيَقُولُونَ ﴿١٦٧﴾ لَوْ أَنَّ عِندَنَا ذِكْرًا مِّنَ الْأَوَّلِينَ ﴿١٦٨﴾ لَكُنَّا
عِبَادَ اللَّهِ الْمُخْلَصِينَ ﴿١٦٩﴾ فَكَفَرُوا بِهِ ۖ فَسَوْفَ يَعْلَمُونَ ﴿١٧٠﴾

(പണ്ട് ഇക്കൂട്ടർ പറയാറുണ്ടായിരുന്നു: പൂർവ സമുദായങ്ങൾക്ക് ലഭിച്ച പാഠങ്ങൾ ഞങ്ങൾക്കും ലഭിച്ചിരുന്നുവെങ്കിൽ ഞങ്ങളാകുമായിരുന്നു നിഷ്കളങ്കരായി തെരഞ്ഞെടുക്കപ്പെട്ട ദൈവദാസന്മാർ. അതു ലഭിച്ചപ്പോഴോ അവർ നിഷേധിച്ചുകളഞ്ഞു. താമസിയാതെ അതിന്റെ ഫലം അവർ അറിയുന്നുണ്ട്).

6:156,157-ൽ പറയുന്നു:

أَن تَقُولُوا إِنَّمَا أُنزِلَ الْكِتَابُ عَلَىٰ طَائِفَتَيْنِ مِن قَبْلِنَا وَإِن كُنَّا عَن دِرَاسَتِهِمْ لَغَافِلِينَ ﴿١٥٦﴾ أَوْ تَقُولُوا لَوْ أَنَّا أُنزِلَ عَلَيْنَا الْكِتَابُ لَكُنَّا أَهْدَىٰ مِنْهُمْ ۚ فَقَدْ جَاءَكُم بَيِّنَةٌ مِّن رَّبِّكُمْ وَهُدًى وَرَحْمَةٌ ۚ فَمَنْ أَظْلَمُ مِمَّن كَذَّبَ بِآيَاتِ اللَّهِ وَصَدَفَ عَنْهَا ۗ سَنَجْزِي الَّذِينَ يَصْدِفُونَ عَنْ آيَاتِنَا سُوءَ الْعَذَابِ بِمَا كَانُوا يَصْدِفُونَ ﴿١٥٧﴾

(നിങ്ങൾ ഇങ്ങനെ വാദിക്കാതിരിക്കാനാണീ വേദം അവതരിപ്പിച്ചിരിക്കുന്നത്; വേദം ഇറക്കിയത് ഞങ്ങൾക്കു മുമ്പുള്ള രണ്ടു വിഭാഗത്തിനായിരുന്നുവല്ലോ. അവർ പഠിച്ചതും പഠിപ്പിച്ചതുമൊന്നും ഞങ്ങൾ അറിഞ്ഞതേയില്ല. അല്ലെങ്കിൽ നിങ്ങൾ വാദിക്കാതിരിക്കാൻ; വേദമിറക്കപ്പെട്ടത് ഞങ്ങളിലായിരുന്നുവെങ്കിൽ അവരേക്കാൾ സാന്മാർഗികളാകുമായിരുന്നു ഞങ്ങൾ. ഇപ്പോഴിതാ വിധാതാവിങ്കൽനിന്നുള്ള പ്രമാണവും സന്മാർഗദർശനവും അനുഗ്രഹവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു). 5:19-ൽ വേദക്കാരോട് പറയുന്നു:

يَا أَهْلَ الْكِتَابِ قَدْ جَاءَكُمْ رَسُولُنَا يُبَيِّنُ لَكُمْ عَلَىٰ فَتْرَةٍ مِّنَ الرُّسُلِ أَن تَقُولُوا مَا جَاءَنَا مِن بَشِيرٍ وَلَا نَذِيرٍ ۖ فَقَدْ جَاءَكُم بَشِيرٌ وَنَذِيرٌ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ

(അല്ലയോ വേദവാഹകരേ, ദൈവദൂതന്മാരുടെ നിയോഗം കുറേക്കാലം നിലച്ചശേഷം ഇപ്പോഴിതാ നമ്മുടെ ദൂതൻ നിങ്ങളിൽ വന്നിരിക്കുന്നു. അദ്ദേഹം ന്യായപ്രമാണങ്ങൾ വിശദീകരിച്ചുതരും. സുവിശേഷകനോ മുന്നറിയിപ്പുകാരനോ ഞങ്ങളിൽ വന്നില്ലല്ലോ എന്ന് നിങ്ങൾ പരാതിപ്പെടാതിരിക്കാ

വിസ്മരിക്കുക മാത്രമല്ല അവര്‍ ചെയ്തത്, അദ്ദേഹത്തില്‍നിന്ന് വെറുപ്പോടെ അകന്നുമാറുകയും അധിക്ഷേപിക്കുകയും അദ്ദേഹത്തോടടുക്കാന്‍ ശ്രമിക്കുന്നവരെ കുതന്ത്രങ്ങളുപയോഗിച്ച് പിന്തിരിപ്പിക്കുക കൂടി ചെയ്യുന്നു. ഈ നിലപാടിന്റെ ദുഷ്ഫലം അധികം വൈകാതെ അവര്‍ അനുഭവിച്ചറിയുമെന്ന് 37:170-ല്‍ താക്കീതു ചെയ്തിരിക്കുന്നു. ●

നാണിത്. ഇപ്പോഴിതാ സുവിശേഷകനും മുന്നറിയിപ്പുകാരനും നിങ്ങളില്‍ വന്നുകഴിഞ്ഞിരിക്കുന്നു. അല്ലാഹു എന്തിനും കഴിവുള്ളവനല്ലോ).

ആഗതനാകുന്നുവെങ്കില്‍ സ്വീകരിക്കുകയും പിന്തുടരുകയും ചെയ്യുമെന്ന അവര്‍ ദൃഢമായി സത്യപ്രതിജ്ഞ ചെയ്ത ആ പ്രവാചകന്‍ അവരില്‍ വന്നെത്തിയപ്പോള്‍ ആ പ്രതിജ്ഞ

---

ٱسْتِكْبَارًا فِى ٱلْأَرْضِ وَمَكْرَ ٱلسَّيِّئِ ۚ وَلَا يَحِيقُ ٱلْمَكْرُ ٱلسَّيِّئُ إِلَّا بِأَهْلِهِۦ ۚ فَهَلْ يَنظُرُونَ إِلَّا سُنَّتَ ٱلْأَوَّلِينَ ۚ فَلَن تَجِدَ لِسُنَّتِ ٱللَّهِ تَبْدِيلًا ۖ وَلَن تَجِدَ لِسُنَّتِ ٱللَّهِ تَحْوِيلًا ﴿٤٣﴾

43. നാട്ടില്‍ അത്യുന്നതരാണെന്ന അവരുടെ അഹന്തയാല്‍, ആ പ്രവാചകനെതിരെ കുത്സിതമായ തന്ത്രങ്ങള്‍ ആവിഷ്കരിക്കുകയും ചെയ്തു. കുത്സിത തന്ത്രങ്ങളോ, അതു പ്രവര്‍ത്തിക്കുന്നവരെത്തന്നെ ബാധിക്കുന്നു. ഇനി പൂര്‍വികരില്‍ നടപ്പിലായ ദൈവിക നടപടിയല്ലാതെ മറ്റെന്താണവര്‍ പ്രതീക്ഷിക്കുന്നത്? അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു ബദലും നിനക്കു കാണാനാവില്ല. അല്ലാഹുവിന്റെ നടപടിക്രമം ഒരിക്കലും വഴിമാറിപ്പോകുന്നതായും നിനക്ക് കാണാനാവില്ല.

**43**

اسْتِكْبَارًا فِي الْأَرْضِ = ഭൂമിയില്‍ (നാട്ടില്‍ അത്യുന്നതരാണെന്ന അവരുടെ) അഹന്തയാല്‍

وَمَكْرَ السَّيِّئِ = (ആ പ്രവാചകനെതിരെ) കുത്സിതമായ തന്ത്രങ്ങള്‍ ആവിഷ്കരിക്കുകയും ചെയ്തു

وَلَا يَحِيقُ = ബാധിക്കു(ന്നു)കയില്ല الْمَكْرُ السَّيِّئُ = കുത്സിത തന്ത്രങ്ങള്‍(ളോ)

إِلَّا بِأَهْلِهِ = അതിന്റെ ആളുകളെയല്ലാതെ (അതു പ്രവര്‍ത്തിക്കുന്നവരെത്തന്നെ)

فَهَلْ يَنظُرُونَ = അവന്‍ പ്രതീക്ഷിക്കു(ന്നത്)ന്നുണ്ടോ

إِلَّا سُنَّتَ الْأَوَّلِينَ = പൂര്‍വികരുടെ (കരില്‍ നടപ്പിലായ ദൈവിക) നടപടിയല്ലാതെ (മറ്റെന്താണ്)

فَلَن تَجِدَ لِسُنَّتِ اللَّهِ تَبْدِيلًا = അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു (ബദലും) പകരമാക്കലും നിനക്കു കാണാനാവില്ല

وَلَن تَجِدَ لِسُنَّتِ اللَّهِ تَحْوِيلًا = അല്ലാഹുവിന്റെ നടപടിക്രമം ഒരിക്കലും വഴിമാറിപ്പോകുന്നതായും നിനക്ക് കാണാനാവില്ല

കൊടിയ ധിക്കാരവും ധാര്‍ഷ്ട്യവുമാണ് اسْتِكْبَار. തന്ത്രവും സാമര്‍ഥ്യവുമാണ് مكر. അത് നന്മയിലും തിന്മയിലും പ്രയോജനപ്പെടുത്താം. തിന്മയില്‍ പ്രയോഗിക്കുന്ന مكر ദുസ്സാമര്‍ഥ്യവും കുതന്ത്രവുമാകുന്നു. അതാണ് مَكْرَ السَّيِّئِ. ഈ വാക്കിനെ ബന്ധിപ്പിച്ചിരിക്കുന്നത് മുന്‍സൂക്തത്തിലെ نُفُور-നോടാണ്. حَاقَ (ആപത്ത് വലയം ചെയ്യലും വന്നുഭവിക്കലും വരിഞ്ഞുമുറുക്കലും)-ല്‍നിന്നുള്ള ക്രിയയായ حاق-യുടെ വര്‍ത്തമാന രൂപമാണ് يَحِيق.

സൂക്തസാരം: ആഗതനാവുകയാണെങ്കില്‍ അംഗീകരിക്കുകയും പിന്തുടരുകയും ചെയ്തുകൊള്ളാമെന്ന് അവര്‍ ദൃഢപ്രതിജ്ഞ ചെയ്ത ആ പ്രവാചകന്‍ ആഗതനായപ്പോള്‍ അവര്‍ തന്നെ അദ്ദേഹത്തോട് വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കുന്നതിന്റെ കാരണം അവരുടെ ജാഹിലീ ദുരഭിമാനവും ധാര്‍ഷ്ട്യവുമാണ്. മുഹമ്മദ് നബി സത്യസന്ധനാണെന്ന് അവര്‍ക്ക് നന്നായറിയാം. അദ്ദേഹത്തിന്റെ അതുവരെയുള്ള വിശുദ്ധ ജീവിതം അവര്‍ക്കു മുമ്പിലുണ്ട്. തന്റെ പ്രബോധനത്തിലൂടെ അദ്ദേഹം യാതൊരു ഭൗതികലാഭവും തേടുന്നില്ല എന്നതും അവരെ അദ്ദേഹത്തിന്റെ സത്യം ബോധ്യപ്പെടുത്തുന്നുണ്ട്. പക്ഷേ ഖുറൈശികള്‍ ആഗ്രഹിച്ചത് സാക്ഷാല്‍ സത്യവും ധര്‍മവും പ്രബോധനം ചെയ്യുന്ന പ്രവാചകനും വേദവുമല്ല; അവരുടെ ബഹുദൈവവിശ്വാസത്തെയും വിഗ്രഹാരാധനയെയും അതിനനുബന്ധമായി ആചരിച്ചുവരുന്ന അനാചാരങ്ങളെയും പ്രമാണീകരിച്ചു സ്ഥിരപ്പെടുത്തുകയും അങ്ങനെ തങ്ങളെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന പ്രവാചകനും വേദവുമാണ്. മുഹമ്മദ് (സ) ആകട്ടെ തലമുറകളായി തുടര്‍ന്നുവരുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും നിഷേധിക്കുകയും പുതിയ വിശ്വാസങ്ങളും ആചാരങ്ങളും പ്രചരിപ്പിക്കുകയുമാണ് ചെയ്യുന്നത്. പരമ്പരാഗത വിശ്വാസാചാരങ്ങള്‍ ഒരുവേള തെറ്റാണെങ്കില്‍ പോലും ദേശീയ പൈതൃകമെന്ന നിലയില്‍ മഹത്തരവും എന്തു വിലകൊടുത്തും കാത്തുസൂക്ഷിക്കപ്പെടേണ്ടതുമാണ്. അതിനെതിരായ ഏതു നീക്കവും ദേശദ്രോഹമാണ്. ഖുറൈശികളുടെ നേതൃസ്ഥാനത്തിനും അന്തസ്സിനും പ്രതാപത്തിനും ആധാരമായിട്ടുള്ളതാണ് കഅ്ബാലയവും അതില്‍ പ്രതിഷ്ഠിതമായ മുന്നൂറിലേറെ വിഗ്രഹങ്ങളും. ബഹുദൈവത്വവും വിഗ്രഹങ്ങളും തിരസ്കരിക്കപ്പെടുന്നതോടെ ഈ സ്ഥാനമാനങ്ങളും

പ്രതാപവുമെല്ലാം അസ്തമിക്കും. തങ്ങൾ പൂർവികരുടെ പവിത്ര മതം ഉപേക്ഷിച്ച നീച ജനമായി നിന്ദിക്കപ്പെടും. അതുകൊണ്ട് ഏതു വിധേനയും മുഹമ്മദീയ പ്രസ്ഥാനത്തെ പരാജയപ്പെടുത്തിയേ തീരൂ.

കൂടാതെ, അല്ലാഹു തങ്ങൾക്കൊരു പ്രവാചകനെ അയക്കുന്നുവെങ്കിൽ അയക്കേണ്ടിയിരുന്നത് മക്കയിലെയോ ത്വാഇഫിലെയോ പ്രമുഖ ഗോത്രങ്ങളിൽനിന്നുള്ള ഒരു വൻകിടക്കാരനെയായിരുന്നു. അവർ ചോദിച്ചു: ''ഈ ഖുർആൻ രണ്ടു മഹാനഗരങ്ങളിൽനിന്നുള്ള വൻകിടക്കാരിലൊരാൾക്ക് അവതരിക്കാതിരുന്നതെന്ത്?'' ജനിക്കുംമുമ്പ് പിതാവ് നഷ്ടപ്പെട്ട് അബൂത്വാലിബിന്റെ തണലിൽ അനാഥനായി വളർന്ന, സമ്പത്തോ സ്ഥാനമാനങ്ങളോ ഇല്ലാത്ത പാവം മനുഷ്യനാണ് മുഹമ്മദ്. അയാളേക്കാൾ സമ്പത്തും സ്ഥാനമാനങ്ങളുമുള്ളവർ അയാളെ ഗുരുവും നേതാവുമായി സ്വീകരിക്കുന്നതെങ്ങനെ? അതവർക്ക് മാനക്കേടാണ്.

അതുകൊണ്ട് പ്രവാചകനെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും നാട്ടിൽനിന്ന് നിർമാർജനം ചെയ്യാൻ അവർ സകല കുതന്ത്രങ്ങളും പയറ്റിക്കൊണ്ടിരുന്നു. അദ്ദേഹം ആഭിചാരകനാണ്, ജിന്നുബാധിച്ചവനാണ്, ഭ്രാന്തനാണ്, മന്ത്രവാദിയാണ് എന്നിങ്ങനെ പലതരം ആരോപണങ്ങൾ പ്രചരിപ്പിച്ചു. അദ്ദേഹത്തെയും അദ്ദേഹത്തിനു സംരക്ഷണം നൽകുന്ന അബൂത്വാലിബ് കുടുംബത്തെയും വർഷങ്ങളോളം ഊരുവിലക്കി. അതൊന്നും ഫലിക്കാതായപ്പോൾ അദ്ദേഹത്തെയും ശിഷ്യന്മാരെയും കൊടിയ മർദനപീഡനങ്ങൾക്കിരയാക്കി. അദ്ദേഹത്തെ തടവിലിടാനും നാടുകടത്താനും പദ്ധതിയിട്ടു. അതും വിജയിച്ചില്ല. പിന്നീടവർ അദ്ദേഹത്തെ കൊന്നുകളയാൻ തീരുമാനിച്ചു. അതിനെ തുടർന്നാണ് അദ്ദേഹം മദീനയിലേക്ക് പലായനം ചെയ്തത്. ആ പലായനത്തിനു മുമ്പാണ് ഈ സൂക്തം അവതരിക്കുന്നത്. സത്യപ്രവാചകനെ പരാജയപ്പെടുത്താൻ പയറ്റുന്ന ഈ കുതന്ത്രങ്ങളും ഗൂഢാലോചനകളും വിജയിക്കാൻ പോകുന്നില്ലെന്നും അതൊക്കെയും അവരെത്തന്നെ തിരിച്ചടിക്കുമെന്നും താക്കീതു ചെയ്യുകയാണ് وَلَا يَحِيقُ الْمَكْرُ السَّيِّئُ إِلَّا بِأَهْلِهِ എന്ന വാക്യം. ഇതൊരു പൊതുതത്ത്വവും ഒപ്പം ഈ സന്ദർഭത്തിൽ ഖുറൈശികൾക്കുള്ള മുന്നറിയിപ്പുമാണ്. നിസ്വാർഥരായ സത്യവാന്മാരെ നീചമായ കുതന്ത്രങ്ങളിലൂടെ തോൽപിക്കാനും അപകടപ്പെടുത്താനും വഞ്ചിക്കാനും ശ്രമിക്കുന്ന അഹങ്കാര പ്രമത്തർ തൽക്കാലം വിജയിച്ചാൽ പോലും പിന്നീട് അതേ കുതന്ത്രങ്ങൾ അവരെ തിരിച്ചടിക്കുക തന്നെ ചെയ്യും എന്നതാണ് പൊതുതത്ത്വം. ആ തിരിച്ചടി മിക്കവാറും ഈ ലോകത്തുതന്നെ നേരിടേണ്ടി വരും. ഒരു വഞ്ചകനെ വഞ്ചിക്കാൻ അയാളേക്കാൾ കേമനായ മറ്റൊരു വഞ്ചകൻ എത്തും. സത്യസന്ധമായ ശുദ്ധാത്മാക്കളുടെ സമ്പത്ത് കുതന്ത്രങ്ങളുപയോഗിച്ചും പറഞ്ഞു പറ്റിച്ചും സ്വന്തമാക്കുന്ന എത്രയോ ആളുകളുണ്ട്. ആ ശുദ്ധാത്മാക്കൾക്ക് അവരോടെതിരിടാൻ കഴിഞ്ഞെന്നുവരില്ല. പക്ഷേ, അല്ലാഹു അവരെ തിരിച്ചടിക്കും. ആ തിരിച്ചടി ധനനഷ്ടത്തിന്റെ രൂപത്തിലാവാം. അധികമാളുകളും തങ്ങൾ സ്വകർമങ്ങളാൽ തിരിച്ചടിക്കപ്പെടുകയാണെന്ന് തിരിച്ചറിയാറില്ല. ഈ ലോകത്ത് തിരിച്ചടി ഉണ്ടായാലും ഇല്ലെങ്കിലും മറുലോകത്ത് തിരിച്ചടി ലഭിക്കുക അനിവാര്യമാകുന്നു.

ഖുറൈശികൾക്കുള്ള താക്കീത് ഇതാണ്: നിങ്ങളുടെ കുതന്ത്രങ്ങൾകൊണ്ടും കുചേഷ്ടിതങ്ങൾ കൊണ്ടും മുഹമ്മദീയ പ്രസ്ഥാനം പരാജയപ്പെടാൻ പോകുന്നില്ല. കാരണം അതു സാക്ഷാൽ സത്യമാകുന്നു. അതു നിലനിൽക്കണമെന്നും ഈ ലോകത്തു പ്രചരിക്കണമെന്നും അല്ലാഹു തീരുമാനിച്ചിരിക്കുന്നു. സത്യത്തിനും ധർമത്തിനുമെതിരെ അവലംബിക്കപ്പെടുന്ന കുതന്ത്രങ്ങൾ അതവലംബിക്കുന്നവരിൽതന്നെ ഫലിക്കുക എന്നതാണ് അല്ലാഹുവിന്റെ നിയമം. പ്രവാചകന്മാരെയും വേദപ്രമാണങ്ങളെയും പുഛിച്ചുതള്ളിയ പൂർവസമുദായങ്ങളിൽ നടപ്പിലായ ഈ ദൈവിക നിയമമല്ലാതെ മറ്റെന്താണ് നിങ്ങൾക്ക് പ്രതീക്ഷിക്കാനുള്ളത്? ഓർത്തിരിക്കുക; അല്ലാഹുവിന്റെ നടപടിക്രമത്തിൽ ആർക്കു വേണ്ടിയും ഒരു മാറ്റവും ഉണ്ടാവില്ല. ആരുടെ കാര്യത്തിലും അതു മാറ്റിവെക്കുകയോ വഴിമാറിപ്പോവുകയോ ചെയ്യുകയുമില്ല. പ്രവാചകവര്യന്മാരിലൂടെ വ്യക്തമായ സുവിശേഷവും മുന്നറിയിപ്പും ലഭിച്ചുകഴിഞ്ഞിട്ടും അസത്യത്തിലും അധർമത്തിലും ഉറച്ചുനിന്ന സമൂഹങ്ങളെ അല്ലാഹു കഠിനമായി ശിക്ഷിക്കുകയും ഉന്മൂലനാശം വരുത്തുകയും ചെയ്തതിനു ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. അതേ പാത പിന്തുടരുകയാണെങ്കിൽ നിങ്ങളുടെയും ഗതി അതുതന്നെയായിരിക്കും. പ്രവാചകനെയും മുസ്‌ലിംകളെയും മക്കയിൽനിന്ന് ആട്ടിയോടിക്കുക എന്ന ഖുറൈശികളുടെ നീചതന്ത്രം അവരെ തിരിച്ചടിച്ചതിങ്ങനെ: മദീനയിലെത്തിയ പ്രവാചകനെ ആ നാട്ടുകാർ സഹർഷം സ്വാഗതം ചെയ്തു. അദ്ദേഹത്തിന് അനുയായികൾ അടിക്കടി വർധിച്ചുകൊണ്ടിരുന്നു. യസ്‌രിബിനെ അദ്ദേഹം അൽമദീന എന്ന ഇസ്‌ലാമിക രാഷ്ട്രമാക്കി മാറ്റി. മദീനയിൽ വ്യവസ്ഥാപിത രാഷ്ട്രമായിത്തീർന്ന ഇസ്‌ലാം ഖുറൈശികൾക്ക്, മക്കയിലുണ്ടായിരുന്ന മർദിതവും നിസ്സഹായവുമായ ഇസ്‌ലാമിനേക്കാൾ പതിന്മടങ്ങ് ഭയാനകമായ ഭീഷണിയായിത്തീർന്നു. തങ്ങൾ ആട്ടിയോടിച്ചവർ സുശക്തരായി അവരുടെ ദേശത്തേക്ക് തിരിച്ചുവരുമെന്നവർ ഭയപ്പെട്ടു. അതിനുമുമ്പ് മദീനയെ നശിപ്പിക്കാൻ ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി അനേകം യുദ്ധങ്ങൾ ഖുറൈശികൾ മദീനക്കെതിരെ നടത്തി, ഒന്നിലും വിജയിച്ചില്ല. ഒടുവിൽ അവർ ഭയപ്പെട്ടതുതന്നെ സംഭവിച്ചു. പ്രവാചകനും സഖാക്കളും മക്കയിൽ തിരിച്ചെത്തുകയും മുശ്‌രിക്കുകളിൽനിന്ന് രാജ്യം മോചിപ്പിക്കുകയും ചെയ്തു.

മൂലത്തിലെ تَبْدِيل-ന്റെയും تَحْوِيل-ന്റെയും സാമാന്യമായ അർഥം മാറ്റം എന്നാണ്. രണ്ടു മാറ്റവും തമ്മിൽ മാറ്റമുണ്ടുതാനും. ഒന്നിനു പകരം മറ്റൊന്ന് സ്വീകരിക്കലാണ് تَبْدِيل. ഒന്നിന്റെ വഴിമാറ്റവും സ്ഥലംമാറ്റവും പരിണതിമാറ്റവുമൊക്കെയാണ് تَحْوِيل. ഒരാളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മറ്റൊരാളുടെ പേരിലേക്ക് മാറ്റുന്നത് تَبْدِيل ആണ്. ഒരു അക്കൗണ്ടിലുള്ള പണം മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റുന്നത് تَحْوِيل. അല്ലാഹു തുടർന്നുവരുന്ന നടപടിക്രമത്തിനു പകരം ആർക്കു വേണ്ടിയും ആരാലും നടപ്പിലാക്കാൻ കഴിയില്ല എന്നാണ് സുന്നത്തുല്ലാഹിയിൽ تَبْدِيل കാണുകയില്ല എന്നതിന്റെ വിവക്ഷ. ആ നടപടിക്രമം നിർത്തിവെക്കുകയോ വഴിമാറ്റി പ്രയോഗിക്കുകയോ അതിന്റെ അനന്തരഫലം ഒഴിവാക്കുകയോ ചെയ്യുക എന്നതും ആരാലും സാധിക്കുകയില്ല എന്നാണ് تَحْوِيل ഇല്ല എന്നതിന്റെ താൽപര്യം. ●